പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2825 — 10.12.2014 ന് മറുപടിയ്ക്ക്.

## ജൂനിയർ ഇൻസ്ട്രക്ടർ-വെൽഡർ തസ്തികയിലെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.വി. രാജേഷ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ-വെൽഡർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ ; എത്ര ഒഴിവുകൾ നിലവിലുണ്ട്; എത്രപേർക്ക് നിയമനം നൽകി; വിശദാംശം നൽകുമോ ; | (എ) ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് 11.9.2014 തീയതിയിൽ നിലവിൽ വന്നു. ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി 35 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇനി 10 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) 2011 മുതൽ ഏതൊക്കെ തീയതികളിലാണ് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ഇതുവരെയായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദാംശം നൽകുമോ ; | (ബി) 4.10.2011-ൽ 6 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ആയത് നികത്തുകയും ചെയ്തിട്ടുണ്ട്. ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി ആകെ 35 ഒഴിവുകൾ നികത്തിയിട്ടുണ്ട്. |
| (സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റിലുള്ള പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) നടപടികൾ അടിയന്തിരമായി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ